പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4115 16.05.2017-ലെ മറുപടിക്ക്

## ഡബിൾ ഡ്യൂട്ടി സമ്പ്രദായം

ചോദ്യം
ശ്രീ.പി.കെ. ശശി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017-18 കെ.എസ്.ആർ.ടി.സി. അതിന്റെ പുനരുദ്ധാരണ വർഷമായി ആചരിക്കുമ്പോൾ , പുനരുദ്ധാരണത്തിനായി നീക്കി വെച്ച 3000 കോടിയുടെ രക്ഷാപാക്കേജിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 3000 കോടിയുടെ രക്ഷാപാക്കേജിന്റെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | ഇതിന്റെ ഭാഗമായി ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കാൻ തലപ്പത്ത് വിദഗ്ധരെ നിയമിക്കൽ, ഫിനാൻസ് മാനേജ്മെന്റ് പുനരുദ്ധരിക്കാൻ ഫ്ലീറ്റ് വിനിയോഗം/ശരാശരി കിലോമീറ്റർ/മൈലേജ്/കിലോമീറ്റർ കളക്ഷൻ എന്നിവ ദേശീയ ശരാശരിയിൽ കൊണ്ടുവരിക, വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുക, സി. എൻ. ജി. ബസ്സുകൾ കിഫ്ബി വഴി വാങ്ങുക, സമ്പൂർണ്ണ ഇ-ഗവേണൻസും വർക്കുഷോപ്പ നവീകരണവും തുടങ്ങിയ നിർദ്ദേശങ്ങളിന്മേൽ എന്തു നടപടികൾ | (ബി) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പയായി ലഭ്യമാക്കുമെന്ന് ബഹു. ധനകാര്യ വകുപ്പ മന്ത്രി പരാമർശിച്ചിരുന്നു. ഇതിൻ പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും, 1000 സി.എൻ.ജി. ബസ്സുകൾ 300 കോടി രൂപ മുതൽ മുടക്കിൽ വാങ്ങുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ. (സാധാ) നം.72/2017/ഗതാഗതം തീയതി 20.02.2017). ടി ഉത്തരവിൻ പ്രകാരം ആദ്യഘട്ടമായി 166 സി.എൻ.ജി. |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവരുന്നു എന്നും എപ്പോൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ; | | ബസ്സുകൾ 50 കോടി രൂപ മുതൽ മുടക്കിൽ വാങ്ങുന്നതാണ്.<br>ദീർഘദൂര സർവ്വീസുകളിൽ ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ചർച്ച ആരംഭിച്ചിട്ടുണ്ട്. ടി വിഷയത്തിൽ തുടർ ചർച്ചകൾ ആവശ്യമായിട്ടുള്ളതും, ചർച്ചകൾ പൂർത്തീകരിച്ച് ഈ വർഷം തന്നെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വരുമാന വർദ്ധനവും, നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ വരുമാനമുള്ള 1255 സർവ്വീസുകൾ പുന:ക്രമീകരിച്ചിട്ടുണ്ട്. നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തി വരുന്നത്. ഇതുവഴി ഓഫ്- റോഡ് നിരക്കിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ ജോലിഭാരത്തിൽ ക്രമരഹിതമായ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ചില ഡ്യൂട്ടി സമയങ്ങളിൽ ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് ആവശ്യത്തിന് ബസുകൾ ഇല്ലാത്ത അവസ്ഥ ഉണ്ടായതിനാലും മെക്കാനിക്കൽ ജീവന |

| | | | |
|---|---|---|---|
| | | | ക്കാരുടെ ഡ്യൂട്ടി സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെൻറീവ് നൽകുന്നുണ്ട്.<br>കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു.<br>കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി 2 സി.എൻ.ജി ബസ്സുകൾ വാങ്ങുവാൻ തീരുമാനിച്ചതിൽ ഒരു ബസ്സ് ലഭ്യമായിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യ പ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ മിന്നൽ പണിമുടക്കുമായി എത്തി പൊതുജനങ്ങളുടെ യാത്രയ്ക്ക് ഭംഗം വരുത്തുന്ന നടപടികൾക്കെതിരെ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (സി) | റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്ക് എതിരെ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**